കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 14.09.2020

# എയർപോർട്ട് - ശംഖുമുഖം റോഡിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിക്കും - മന്ത്രി ജി.സുധാകരൻ

2018 ൽ ഉണ്ടായ അതിരൂക്ഷമായ മഴയിലും കടലാക്രമണത്തിലും ഭാഗീഗമായി തകർന്ന എയർപോർട്ട് - ശംഖുമുഖം റോഡ് 2020 ജൂലൈ മാസത്തിൽ പരിപൂർണ്ണമായി തകരുകയും ഇതവഴിയുള്ള ഗതാഗതം നിർത്തി വയ്ക്കുകയും ചെയ്തിരുന്നു. 260 മീറ്റർ നീളം വരുന്ന ശംഖുമുഖം ബീച്ച് റോഡിന്റെ 4.29 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഒന്നാംഘട്ടത്തിന്റെ നിർമ്മാണോദ്ഘാടനം കേരള സർക്കാരിന്റെ 100 ദിന കർമ്മ പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായി 15.09.2020 ന് വൈകിട്ട് 3 മണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുമെന്ന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പൊതുമരാമത്ത് വകുപ്പും സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂം ചേർന്ന് സ്ഥലപരിശോധന നടത്തി കടലാക്രമണത്തെ പ്രതിരേധിക്കുന്ന പുത്തൻസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഡിസൈനാണ് തയ്യാറാക്കിയിട്ടുള്ളത്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 5.39 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ ഒന്നാംഘട്ടമായ കടലാക്രമണത്തെ പ്രതിരോധിക്കുന്ന സംരക്ഷണ ഭിത്തി (ഡയഫ്രം വാൾ) നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയാണ് ഇപ്പോൾ ആരംഭിക്കുന്നതെന്നും മന്ത്രി ജി.സുധാകരൻ പറഞ്ഞു. പുതിയകാലം പുതിയ നിർമ്മാണം എന്ന പൊതുമരാമത്ത് വകുപ്പിന്റെ മുദ്രാവാക്യം പ്രതിഫലിപ്പിക്കുന്ന നിലയിൽ അതിനൂതന സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന ഡയഫ്രം വാൾ ആദ്യമായായാണ് തീരദേശ റോഡ് സംരക്ഷണത്തിനായി പൊതുമരാമത്ത് വകുപ്പ് ഉപയോഗിക്കുന്നത്. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗം മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിംഗ് വഴി ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ എം.എൽ.എ വി.എസ്. ശിവകുമാർ, തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീ. കെ. ശ്രീകുമാർ എന്നിവർ പങ്കെടുക്കുമെന്ന് മന്ത്രി ജി.സുധാകരൻ അറിയിച്ചു.